# ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ലല്ലോ

## Verse 1

ദൈവത്താൽ അസാദ്ധ്യമായതൊന്നുമില്ലല്ലോ
യഹോവയ്ക്ക് കഴിയാത്ത കാര്യമില്ലല്ലോ
യേശുവിന്റെ നാമത്തിൽ സൗഖ്യമുണ്ടല്ലോ
യേശുവിന്റെ രക്തത്താൽ ജയമുണ്ടല്ലോ

## Chorus

വിശ്വസിച്ചാൽ ദൈവത്തിന്റെ മഹത്വം കാണാം
പ്രാർത്ഥിക്കുമ്പോൾ ദൈവത്തിന്റെ പ്രവർത്തി കാണാം
ആരാധിച്ചാൽ ദൈവത്തിന്റെ വിടുതൽ കാണാം
ആശ്രയിച്ചാൽ ദൈവത്തിന്റെ കരുതൽ കാണാം

## Other Verses

അബ്രഹാം യഹോവയിൽ വിശ്വസിച്ചപ്പോൾ
ദൈവം അതു നീതിക്കായി കണക്കിട്ടല്ലോ
അതിമഹത്തായ പ്രതിഫലം കൊടുത്തു
ബഹുജാതികൾക്ക് പിതാവാക്കിതീർത്തല്ലോ

manglishsongs.com

യിസഹാക്കിൻ പ്രാർത്ഥനയ്ക്ക് മറുപടിയായി
നൂറുമേനി നൽകി ദൈവം അനുഗ്രഹിച്ചു
വാഗ്ദത്തങ്ങൾ നിറവേറ്റി പരിപാലിച്ചു
തലമുറകൾ നൽകി അനുഗ്രഹിച്ചു

യാക്കോബും ദൈവത്ത ആരാധിച്ചപ്പോൾ
യഹോവയ്ക്ക് തക മഹത്വം കൊടുത്തപ്പോൾ
യാബോക്കെന്ന കടവിൽ അനുഗ്രഹമായി
യിസ്രായൽ എന്ന ബഹുമാനം ലഭിച്ചു

© manglishsongs.com